# നീരയും വെർജിൻ ഓയിലും ദക്ഷിണാഫ്രിക്കയിലേക്ക്

തിരുവനന്തപുരം: നീരയും വെർജിൻ ഓയിലും അടങ്ങുന്ന നാളികേര ഉത്പ്പന്നങ്ങൾ ദക്ഷിണാഫ്രിക്കയിലേക്ക്. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർക്ക് ഉപഹാരമായാണ് നാളികേര വികസന ബോർഡ് നാളികേര ഉത്പ്പന്നങ്ങൾ കയറ്റി അയക്കുന്നത്. സ്വാതന്ത്ര്യ ദിനമായ ഓഗസ്റ്റ് 15ന് ഹൈക്കമ്മീഷൻ അവിടെ നാഷണൽ ഡേ ആയി ആഘോഷിക്കുമ്പോൾ പങ്കെടുക്കാൻ എത്തുന്ന വിശിഷ്ടാതിഥികൾക്ക് ഈ ഉപഹാരങ്ങൾ സമ്മാനിക്കും. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ രുചി ഘനശ്യാം ഇതു സംബന്ധിച്ച് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ ജോസുമായി ചർച്ച നടത്തിയതിന്റെ വെളിച്ചത്തിലാണ് ഉത്പ്പന്നങ്ങൾ അയച്ചത്. നീര ഹണി, നീര ശർക്കര, സ്പൈസ് ജാഗറി, നീര ഷുഗർ, വെർജിൻ കോക്കനട് ഓയിൽ, കോക്കനട് ചിപ്സ് എന്നിവയുടെ 500 വീതം പാക്കറ്റുകളാണ് അയക്കുന്നത്. ഇതിൽ വെർജിൻ കോക്കനട് ഓയിൽ കേര ടെക്കിന്റെയും ചിപ്സ് കൊടുങ്ങല്ലൂർ നാളികേര ഉത്പാദക കമ്പനിയുടെയും ഉത്പ്പന്നങ്ങളാണ്. മറ്റുള്ളവ നാളികേര വികസന ബോർഡിന്റെ വാഴക്കുളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിർമ്മിച്ചവയും.നെടുമ്പാശേരിയിൽ നിന്ന് ഖത്തർ വഴി ദക്ഷിണാഫ്രിക്കയിലെ പ്രിട്ടോറിയ വരെ ഖത്തർ എയർവേസ് ആണ് ഉത്പ്പന്നങ്ങൾ കൊണ്ടുപോകുന്നത്. കൊച്ചിയിലെ കൊസീമ ട്രാവൽ എജൻസിക്കാണ് ഇതിന്റെ കാർഗോ കൈമാറ്റ ചുമതല. ദക്ഷിണാഫ്രിക്കൻ ജനങ്ങൾക്ക് ഇന്ത്യയിലെ നാളികേര ഉത്പ്പന്നങ്ങളെയും നീരയുടെ മൂല്യ വർധിത ഉത്പ്പന്നങ്ങളെയും പരിചയപ്പെടാനുള്ള അവസരമായി ഇതു മാറുമെന്നാണ് ഹൈക്കമ്മീഷന്റെയും നാളികേര വികസന ബോർഡിന്റെയും പ്രതീക്ഷ.